**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2304** **12-12-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ പ്രാഥമിക - കുടുംബാരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ കുട്ടനാട്ടിലെ പ്രാഥമിക - കുടുബാരോഗ്യ കേന്ദ്രങ്ങൾ തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ ; | (എ) | **കുട്ടനാട്ടിലെ ആരോഗ്യസ്ഥാപനങ്ങളിൽ നടത്തി വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**1.എഫ്.എച്ച്.സി നീലംപേരൂർ**<br><br>**ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.**<br><br>**2.എഫ്.എച്ച്.സി തലവടി**<br><br>**ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. സ്ഥാപനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എൻ.എച്ച് എം ഫണ്ട് 27.36 ലക്ഷം രൂപയും 2018-19ൽ വെള്ളപ്പൊക്ക നവീകരണത്തിന് 14 ലക്ഷം രൂപ അനുവദിച്ചു.എന്നാൽ ആശുപത്രി നിൽക്കുന്ന സ്ഥലത്തെ സംബന്ധിച്ച് കോടതി കേസ് നിലനിൽക്കുന്നതിനാൽ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ല.**<br><br>**3.എഫ്.എച്ച്.സി തകഴി**<br><br>**ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മാണത്തിനായുള്ള ഡി പി ആർ തയ്യാറാക്കി വരുന്നു.**<br><br>**4.എഫ്.എച്ച്.സി കാവാലം**<br><br>**ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. നവീകരണ പ്രവർത്തനം പുരോഗമിക്കുന്നു.** |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<u>5.എഫ്.എച്ച്.സി കുപ്പപ്പുറം</u>
ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. നിലവിലെ കെട്ടിടം നവീകരണത്തിനായി 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
<u>6.എഫ്.എച്ച്.സി രാമങ്കരി</u>
ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തിരഞ്ഞെടുത്ത് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു.
<u>7.എഫ്.എച്ച്.സി വിയ്യപുരം</u>
ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തിരഞ്ഞെടുത്ത് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
<u>8.എഫ്.എച്ച്.സി മുട്ടാർ</u>
ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾക്കുള്ള ഡി പി ആർ തയ്യാറാക്കി വരുന്നു.
കൂടാതെ സി.എച്ച്.സി ചമ്പക്കുളം, സി.എച്ച്.സി വെളിയനാട് എന്നീ സ്ഥാപനങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. സി.എച്ച്.സി ചേമ്പുംപുറം, സി.എച്ച്.സി എടത്വാ എന്നീ സ്ഥാപനങ്ങളിൽ ലാബ് വിപുലീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ എന്നീ പ്രവൃത്തികൾ നടന്നു വരുന്നു.
</td>
</tr>
<tr>
<td>(ബി)</td>
<td>കുട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിനു മരുന്നും ജീവനക്കാരും ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?</td>
<td>(ബി)</td>
<td>
കുട്ടനാട്ടിലെ ആരോഗ്യ സ്ഥാപനങ്ങളിൽ KMSCL മുഖാന്തിരം ആവശ്യത്തിന് മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്.
കുട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>സ്ഥാപനം</th><th>തസ്തികകൾ</th></tr>
<tr><td>എഫ്.എച്ച്.സി നീലംപേരൂർ</td><td>ഡോക്ടർ-1<br>സ്റ്റാഫ് നഴ്സ് -2<br>ലാബ് ടെക്നീഷ്യൻ-1</td></tr>
<tr><td>എഫ്.എച്ച്.സി തലവടി</td><td>ഡോക്ടർ-1</td></tr>
</table>
</td>
</tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | | | സ്റ്റാഫ് നഴ്സ് -2<br>ലാബ് ടെക്നീഷ്യൻ-2<br>ഫാർമസിസ്റ്റ് -1 |
| | | | | എഫ്.എച്ച്.സി കാവാലം | ഡോക്ടർ-1<br>സ്റ്റാഫ് നഴ്സ് -1 |
| | | | | എഫ്.എച്ച്.സി കുപ്പപ്പുറം | ഡോക്ടർ-1<br>സ്റ്റാഫ് നഴ്സ് -1 |
| | | | | എഫ്.എച്ച്.സി രാമങ്കരി | ഡോക്ടർ-1<br>സ്റ്റാഫ് നഴ്സ് -1 |

സെക്ഷൻ ഓഫീസർ